76 (1294) എം.സി.എ. എൻട്രൻസ് പരീക്ഷ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ശാസ്ത്ര സാങ്കേതികശാസ്ത്ര സർവ്വകലാശാല 1999-ൽ എം.സി.എ. കോഴ്സിന് അഡ്മിഷൻ നടത്തുന്നതിനുള്ള എൻട്രൻസ് പരീക്ഷ ഏതെല്ലാം സെന്ററുകളിൽ വച്ചാണ് നടത്തിയത്;

(ബി) ഈ പരീക്ഷയിൽ എത്രപേർ പങ്കെടുത്തു;

(സി) എത്ര സീറ്റുകളിലേയ്ക്ക് അഡ്മിഷൻ നൽകുന്നതിനാണ് ഈ പരീക്ഷ നടത്തിയത്;

(ഡി) ഈ പരീക്ഷക്ക് ഇരുന്നവരിൽ ഡെൽഹി സെന്ററിൽ എഴുതിയ വർക്ക് എത്ര റാങ്കുകൾ കിട്ടി;

(ഇ) മറ്റെല്ലാ സെന്ററുകളിലും കൂടി പരീക്ഷക്ക് ഇരിക്കുന്നവർക്ക് എത്ര റാങ്കുകൾ കിട്ടി;

(എഫ്) ഡെൽഹി കേന്ദ്രത്തിൽ ഈ പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായി ആക്ഷേപം ഉണ്ടായിട്ടുണ്ടോ;

(ജി) ഈ പരീക്ഷയുടെ ചോദ്യപേപ്പർ മുല്യനിർണ്ണയം ചെയ്ത വിദഗ്ദ്ധർ ആരെല്ലാമാണ്?

ഉത്തരം

(എ) കേരളത്തിലെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കൂടാതെ ഡെൽഹി, ബോംബെ, കൽക്കത്ത, മദ്രാസ്, ബാംഗ്ലൂർ, ഹൈദരാബാദ്, ഭോപ്പാൽ തുടങ്ങിയ സെന്ററുകളിലും പരീക്ഷ നടത്തി.

(ബി) 3424 പേർ.

(സി) 61 സീറ്റുകളിലേയ്ക്ക്.

(ഡി)&(ഇ) പരീക്ഷ എഴുതിയ എല്ലാവരേയും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്)&(ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

77 (1295) എൻട്രൻസ് പരീക്ഷാ നടത്തിപ്പ്

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻട്രൻസ് പരീക്ഷാ നടത്തിപ്പും നിയമനവും സംബന്ധിച്ച് നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഒരുവർഷം സംസ്ഥാനത്ത് എത്ര സീറ്റുകളിലേയ്ക്കാണ് വിവിധ കോഴ്സുകളിലായി കുട്ടികളെ തെരഞ്ഞെടുക്കുന്നത്;

(സി) ഇക്കഴിഞ്ഞ എൻട്രൻസ് പരീക്ഷയുമായി ബന്ധപ്പെട്ട എന്തെങ്കിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly